**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 88** **10-08-2023 - ൽ മറുപടിയ്ക്ക്**

**ഭൂരഹിത പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള പുനരധിവാസ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഭൂരഹിത പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള പുനരധിവാസ പദ്ധതി പ്രകാരം സർക്കാർ വാങ്ങി നൽകുന്ന ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ പരിഷ്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഭൂരഹിത പദ്ധതിയുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ 33 വർഷങ്ങൾക്ക് ശേഷം, 23.5.2023 ലെ സ.ഉ.(കൈ) നം. 13/2023/പജപവവിവ പ്രകാരം സമഗ്രമായി പരിഷ്കരിച്ചിട്ടുണ്ട്. ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം അനുവദിക്കുന്ന ഭൂമി 15 വർഷത്തിനുള്ളിൽ അനന്തരാവകാശികൾക്ക് ഉൾപ്പെടെ വിൽക്കുന്നതിനോ കൈമാറ്റം ചെയ്യുന്നതിനോ പാടില്ല എന്ന് പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ എത്ര വർഷങ്ങൾക്ക് ശേഷമാണ് ഈ മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | ഭൂരഹിത പദ്ധതിയുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ 33 വർഷങ്ങൾക്ക് ശേഷം, 23.5.2023 ലെ സ.ഉ.(കൈ) നം. 13/2023/പജപവവിവ പ്രകാരം സമഗ്രമായി പരിഷ്കരിച്ചിട്ടുണ്ട്. ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം അനുവദിക്കുന്ന ഭൂമി 15 വർഷത്തിനുള്ളിൽ അനന്തരാവകാശികൾക്ക് ഉൾപ്പെടെ വിൽക്കുന്നതിനോ കൈമാറ്റം ചെയ്യുന്നതിനോ പാടില്ല എന്ന് പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) | ഉപയോഗയോഗ്യമല്ലാത്ത ഭൂമിയാണ് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് നൽകുന്നതെന്ന പരാതി പരിഹരിക്കുവാൻ സ്വീകരിച്ച നടപടി എന്താണെന്നും ഇതുസംബന്ധിച്ച് പുതുതായി എന്തെങ്കിലും വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും വിശദമാക്കാമോ? | (സി) | ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്ന ഭൂമി വാസയോഗ്യമാണെന്ന് ഉറപ്പുവരുത്തുന്നതിനായി ചുവടെ ചേർക്കുന്ന വ്യവസ്ഥകൾ നിലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>1 ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിനായി ഗുണഭോക്താവ് കണ്ടെത്തുന്ന ഭൂമി ഗുണഭോക്താവിന്റെ സാന്നിധ്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ട് പരിശോധിക്കേണ്ടതാണ്. വാങ്ങുന്ന ഭൂമി ഗുണഭോക്താവ് നേരിൽ കണ്ട് |

| | | | |
|---|---|---|---|
| | | | ബോധ്യപ്പെട്ടതാണെന്നും പ്രസ്തുത ഭൂമി ഭവന നിർമ്മാണത്തിന് അനുയോജ്യമാണെന്നും നിലം, ഡാറ്റ ബാങ്കിൽ ഉൾപ്പെട്ട ഭൂമി, പരിസ്ഥിതി ദുർബല പ്രദേശം, പാറക്കെട്ട്/വെള്ളക്കെട്ടുള്ള ഭൂമി, സർക്കാർ ഭൂമി ,സർക്കാർ പദ്ധതികൾക്കായി ഏറ്റെടുക്കാൻ വിജ്ഞാപനം ചെയ്ത ഭൂമി, CRZ എന്നിവയിൽ ഉൾപ്പെട്ടതല്ല എന്നും പ്രസ്തുത ഭൂമി, റെയിൽവെ, ഹൈ ടെൻഷൻ വൈദ്യുതി ലൈൻ എന്നിവയുടെ നിയന്ത്രണ പരിധിയിലുള്ള ഭൂമി അല്ല എന്നും ഉറപ്പു വരുത്തേണ്ടതാണ്. മേൽക്കാര്യങ്ങൾ ബോധ്യപ്പെട്ടെന്ന് ഗുണഭോക്താവിൽ നിന്നും രേഖാമൂലം സത്യപ്രസ്താവന വാങ്ങേണ്ടതും അത് നിർവ്വഹണ ഉദ്യോഗസ്ഥൻ/പട്ടികജാതി വികസന ഓഫീസർ ഉറപ്പാക്കേണ്ടതുമാണ്.<br><br>2 പൊതുഗതാഗത സൗകര്യത്തിലേക്ക് എത്തിച്ചേരാൻ കഴിയുംവിധം സ്വതന്ത്രമായി ഉപയോഗിക്കാൻ അവകാശമുള്ളതും സഞ്ചാരയോഗ്യവും സൗകര്യപ്രദവുമായ വഴി പ്രസ്തുത ഭൂമിയിലേക്ക് ഉണ്ടായിരിക്കേണ്ടതും ആയത് ആധാരത്തിൽ കൃത്യമായി പ്രതിപാദിക്കേണ്ടതുമാണ്. |

സെക്ഷൻ ഓഫീസർ